# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1147 06.02.2020 -ൽ മറുപടിക്ക്**

**മനക്കകടവ്-പട്ടിമറ്റം റോഡിന്റെ പ്രവൃത്തി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ :** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കിഫ്ബി വഴി നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന മനക്കകടവ്-പട്ടിമറ്റം-നെല്ലാട്-പത്താംമൈൽ റോഡിന്റെ ബി.എം & ബി.സി പ്രവൃത്തികൾ നടത്തുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ; | (എ) മനയ്ക്കക്കടവ് - പട്ടിമറ്റം - നെല്ലാട് - പത്താംമൈൽ റോഡിന്റെ പ്രവൃത്തി 27.07.2018 ൽ ആരംഭിച്ചു. നിലവിൽ പ്രസ്തുത പ്രവൃത്തിയിൽ മനയ്ക്കക്കടവ് - പള്ളിക്കര - പട്ടിമറ്റം - പത്താംമൈൽ റോഡുകളിലെ വീതി കൂട്ടൽ പ്രവൃത്തികളും പുതിയ കാന നിർമ്മാണവും ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ജോമെട്രിക് ഡിസൈനിൽ മാറ്റംവരുത്തണമെന്നും, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് കഴിഞ്ഞതിനുശേഷം മാത്രം പ്രവൃത്തി ചെയ്താൽ മതിയെന്നും 30.03.2019 ലെ കിഫ്ബിയുടെ സൈറ്റ് ഇൻസ്പെക്ഷനിൽ നിർദ്ദേശിക്കുകയും പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. മനയ്ക്കക്കടവ് - കിഴക്കമ്പലം റോഡിലേയും, പട്ടിമറ്റം - പത്താംമൈൽ റോഡിലേയും വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കിഴക്കമ്പലം - പട്ടിമറ്റം - നെല്ലാട് റോഡിലെ പൈപ്പുകൾ മാറ്റിസ്ഥാപിക്കാനുണ്ട്. 11.12.2019 -ൽ കിഫ്ബിയിൽ നടന്ന യോഗത്തിലെ തീരുമാന പ്രകാരം ടി റോഡിന്റെ ജോമെട്രിക് ഡിസൈൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിന് കിഫ്ബി നേരിട്ട് ലിഡാർ സർവ്വേ നടത്തുകയുണ്ടായി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ അലൈൻമെന്റ് അടയാളപ്പെടുത്തുന്ന ജോലികൾ നടന്നു വരുന്നു. ടി അലൈൻമെന്റ് പ്രവൃത്തി പൂർത്തീകരിച്ച് വാട്ടർ അതോറിററിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ചതിനുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പ്രവൃത്തിയുടെ കരാർ കാലാവധി 26.01.2020 -ൽ അവസാനിക്കുകയും കരാർ കാലാവധി പുതുക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**